**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2534** **27-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | 2019-ലെ ഇലക്ട്രിക്ക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി സംസ്ഥാനത്ത് ചാർജിങ് ശൃംഖല സ്ഥാപിക്കുന്നതിനുള്ള ചുമതല സംസ്ഥാന നോഡൽ ഏജൻസിയായ കെ.എസ്.ഇബി. എൽ-ന് ആണ്. അതനുസരിച്ച് 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ 61 എണ്ണം പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടുണ്ട്. ഇതിനു പുറമേ ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കായി 1165 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ചു കഴിഞ്ഞു. ഓരോ നിയോജക മണ്ഡലത്തിലും, കുറഞ്ഞത് അഞ്ച് എന്ന നിരക്കിലും, കോർപ്പറേഷൻ ഉൾപ്പെട്ട നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിരക്കിലും ബഹുമാനപ്പെട്ട എംഎൽഎമാരുടെ നിർദ്ദേശത്തിന് അനുസരിച്ചാണ് കെ.എസ്.ഇ .ബി.എൽ ന്റെ വിതരണ പോളുകളിൽ ഇവ സ്ഥാപിച്ചിരിക്കുന്നത്. ഇവയിൽ 1138 എണ്ണം പൊതുജനത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. കൂടുതൽ സൗകര്യപ്രദമായ ചാർജിംഗിനായി ഒരു മൊബൈൽ ആപ്പ് (KEMapp) കെ.എസ്.ഇ.ബി.എൽ വികസിപ്പിച്ച് എടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു നൽകുന്നതിന് നടപടികൾ പുരോഗമിച്ചു വരുന്നു. ഈ നിലയിൽ ചാർജിംഗ് ശൃംഖല വിപുലീകരിക്കുന്നതിനുള്ള നാനാവിധ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ കെ.എസ്.ഇ.ബി.എൽ നടത്തിവരുന്നു. കെ.എസ്.ഇ .ബി.എൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളെ സംബന്ധിച്ചുള്ള വിവരം അനുബന്ധം 1, അനുബന്ധം 2 എന്നിവ ആയി കൊടുത്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് കൂടുതൽ വൈദ്യുതി ചാർജിംഗ് | (ബി) | ഇത് ഇപ്പോൾ കെ.എസ്.ഇ.ബി.എൽ ന്റെ |

| | | | |
|---|---|---|---|
| | സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളാണ് വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ; | | പരിഗണനയിലില്ല |
| (സി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളാണ് വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | പട്ടാമ്പി നിയോജകമണ്ഡലത്തിൽ 9 പോൾ മ◌ൌണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർത്തിരിക്കുന്നു.<br><br>1.ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മേലെ പട്ടാമ്പി<br>2.നന്ദിലത്ത് ജി മാർട്ടിന് സമീപം, മേലെ പട്ടാമ്പി<br>3വല്ലപ്പുഴ സെന്റർ<br>4.മുതുതല സെന്റർ<br>5.നരിപ്പറമ്പ്<br>6.മുളയങ്കാവ് സെന്റർ<br>7.കൊപ്പം സെന്റർ<br>8.കുരാച്ചിപ്പടി<br>9.പഞ്ചായത്ത് ഗ്രൗണ്ടിന് സമീപം |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യം നിലവിൽ കെ.എസ്.ഇ.ബി.എൽ ന്റെ പരിഗണനയിലില്ല. സ്ഥലത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതികൾ വിപുലീകരിക്കാൻ 'അനെർട്ട്' ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## ഡി.സി. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ

| സ്റ്റേഷൻറെ പേര് | കമ്മീഷൻ ചെയ്ത തീയതി |
|---|---|
| നേമം | 11-07-2020 |
| ഓലൈ | 11-07-2020 |
| പാലാരിവട്ടം | 11-07-2020 |
| വിയ്യൂർ | 11-07-2020 |
| നല്ലളം | 11-07-2020 |
| കണ്ണൂർ/ചൊവ്വ | 11-07-2020 |
| മട്ടാഞ്ചേരി | 05.12.2022 |
| ◌ൂറ്റനാട് | 06-04-2022 |
| കോതമംഗലം | 01-09-2022 |
| കരുനാഗപ്പള്ളി | 18.12.2022 |
| കൊട്ടാരക്കര | 04.01.2023 |
| തൊടുപുഴ | 18.06.2022 |
| കോട്ടയം ഈസ്റ്റ് | 07-02-2022 |
| ടിഎംആർ/പള്ളം | 07-02-2022 |
| പത്തനംതിട്ട-വൈദ്യുതിഭവൻ | 03-11-2022 |
| തിരുവല്ല | 03-11-2022 |
| പമ്പ | 03-11-2022 |
| നെന്മാറ | 06-04-2022 |
| പരുത്തിപ്പാറ | 14-09-2022 |
| ബാണാസുരസാഗർ | 01-11-2022 |
| പുന്നപ്ര | 20.12.2022 |
| തിരുവനന്തപുരം/ വൈദ്യുതിഭവനം | 14-09-2022 |
| ഇലക്ട്രിക്കൽ ഡിവിഷൻ, നെയ്യാറ്റിൻകര | 14-09-2022 |
| വടക്കാഞ്ചേരി | 06-04-2022 |

| | |
|---|---|
| മൂവാറ്റുപുഴ | 25-04-2022 |
| ഗാന്ധിനഗർ/കോട്ടയം | 07-02-2022 |
| കാഞ്ഞങ്ങാട് | 01-12-2022 |
| മൂന്നാർ | 20.10.2022 |
| ഷൊർണ്ണൂർ | 06-04-2022 |
| വൈത്തിരി | 01-11-2022 |
| ഗാന്ധിനഗർ | 25-04-2022 |
| കല്പൂർ | 25-04-2022 |
| കൊട്ടിയം | 10.10.2022 |
| അങ്കമാലി | 25-04-2022 |
| നോർത്ത് പറവൂർ | 25-04-2022 |
| മലപ്പുറം | 04-11-2022 |
| സിജിആർഎഫ്/ കളമശ്ശേരി | 25-04-2022 |
| കുണ്ടറ | 15.09.2022 |
| വെസ്റ്റ് ഹിൽ | 25-04-2022 |
| താമരശ്ശേരി | 28-11-2022 |
| രാമനാട്ടുകര | 28-11-2022 |
| അവനവഞ്ചേരി | 28-11-2022 |
| കൊയിലാണ്ടി | 28-11-2022 |
| പൊന്നാനി | 14-09-2022 |
| ഗാന്ധിറോഡ്/ കോഴിക്കോട് | 28-11-2022 |
| 33kV കണ്ണൂർ | 04-11-2022 |
| വളപട്ടണം | 28-11-2022 |
| കൊടുങ്ങല്ലൂർ | 16-05-2022 |
| മാടക്കത്തറ | 05-09-2022 |
| കുന്നംകുളം | 05-09-2022 |

| | |
|---|---|
| ചാലക്കുടി | 05-09-2022 |
| വലപ്പാട് | 05-09-2022 |
| തൃശ്ശൂർ/ വൈദ്യുതി ഭവൻ | 05-09-2022 |
| ഇരിഞ്ഞാലക്കുട | 05-09-2022 |
| ഒല്ലൂർ | 05-09-2022 |
| വൈറ്റില | 25-04-2022 |
| വടകരപതി(ചിറ്റൂർ) | 20-02-2023 |
| കണ്ടശ്ശാൻകടവ്, | 03.01.2023 |
| തിരൂർ-വൈദ്യുതി ഭവനം | 04.11.2022 |

**കുറിപ്പ്:, മൂലമറ്റം, പുതുപ്പാടി, എന്നീ സ്ഥലങ്ങളിലെ ചാർജിംഗ് സ്റ്റേഷനുകളുടെ ടെസ്റ്റിംഗ് ജോലികൾ പുരോഗമിച്ചു വരുന്നു. വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ഒരു മാസത്തിനകം ആരംഭിക്കുന്നതാണ്.**

# പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ

| ക്രമ നമ്പർ | ജില്ല | പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 141 |
| 2 | കൊല്ലം | 94 |
| 3 | പത്തനംതിട്ട | 33 |
| 4 | ആലപ്പുഴ | 55 |
| 5 | കോട്ടയം | 51 |
| 6 | ഇടുക്കി | 37 |
| 7 | എറണാകുളം | 136 |
| 8 | തൃശ്ശൂർ | 102 |
| 9 | പാലക്കാട് | ~~89~~ 88 |
| 10 | മലപ്പുറം | 119 |
| 11 | കോഴിക്കോട് | 158 |
| 12 | വയനാട് | 25 |
| 13 | കണ്ണൂർ | 89 |
| 14 | കാസർഗോഡ് | 37 |
| | ആകെ | ~~1166~~ 1165 |